# കേരള ഫിഷറീസ് കോൺട്രാക്ട് & ഡയിലി വേജസ് എംപ്ലോയീസ് യൂണിയൻ

## KFCDEU

KFCDEU
CITU

KERALA FISHERIES CONTRACT &
DAILY WAGES EMPLOYEES UNION-
CITU KERALA

## കേരള സംസ്ഥാനം


ഇ.എം.എസ് മന്ദിരം ,വടക്കേനട

(സി.ഐ.ടി.യു,ജില്ലാ കമ്മറ്റി ഓഫീസ്)

കോട്ടയം-686002

ഫോൺ-8281683043,9446411127,9447462111


# നിയമാവലി

"ഒന്നിക്കാം നമുക്ക് മത്സ്യ സമ്പത്തിനായി
ജീവിക്കാം സുരക്ഷിതമായി"

# കേരള ഫിഷറീസ് കോൺട്രാക്ട് ആൻഡ് ഡെയ്‌ലി വെയ്ജസ് എംപ്ലോയിസ് യൂണിയൻ

## നിയമവലി

1. സംഘടനയുടെ പേര് "കേരള ഫിഷറീസ് കോൺട്രാക്ട് ആൻഡ് ഡെയ്‌ലി വെയ്ജസ് എംപ്ലോയീസ് യൂണിയൻ" എന്നായിരിക്കുന്നതുമാകുന്നു. ഇതിനു ശേഷം ഫിഷറീസ് എംപ്ലോയിസ് യൂണിയൻ എന്നുവിളിക്കുകയും പരാമർശിക്കുകയും ചെയ്യുന്നതുമാകുന്നു.
2. സംഘടനയുടെ പ്രവർത്തന മേഖല കേരള സംസ്ഥാനമായിരിക്കും.
3. പതാക : ചുവന്ന കൊടിയുടെ വീതിയുടെ നീളം നിറഞ്ഞുനിൽക്കുന്ന KFCDEU എന്ന് വെള്ള അക്ഷരത്തിൽ ആലേഖനം ചെയ്തതും കൊടിയുടെ മുകളിൽ മുകൾ ഭാഗത്ത് ഇടത് വശം ചേർന്ന് എക്സിക്യൂട്ടീവ് അംഗീകരിച്ച എബ്ലവും പതിച്ചതായിരിക്കും കേരള ഫിഷറീസ് എംപ്ലോയീസ് യൂണിയന്റെ പതാക (3:2 അടി)
4. സംഘടനയുടെ രജിസ്റ്റേർഡ് ഓഫീസ് - ഇ.എം.എസ്. മന്ദിരം വടക്കേനട,തിരുനക്കര, കോട്ടയം-68600
5. യൂണിയന്റെ പ്രവർത്തന സൗകര്യത്തിന് അനുസരണമായി സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കമ്മറ്റി ഓഫീസുകൾ മാറ്റി സ്ഥാപിക്കാനോ ജില്ലകളിൽ ആരംഭിക്കാനോ എക്സിക്യൂട്ടീവ് കമ്മറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
6. താഴെപ്പറയുന്നവയാണ് യൂണിയന്റെ ഉദ്ദേശലക്ഷ്യങ്ങൾ.
   1. അംഗങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് യത്നിക്കുക.
   2. അംഗങ്ങൾക്ക് ശരിയായ തൊഴിൽ സാഹചര്യവും സേവന വ്യവസ്ഥകളും നേടികൊടുക്കുക.
   3. ജീവനക്കാർക്ക് മാന്യമായ നിലയിലുള്ള വേതനം നൽകുന്നതിന് തൊഴിൽ ദായകരിൽനിന്ന് സമ്മർദ്ദം ചെലത്തുക.
   4. തൊഴിൽദായകനും ജീവനക്കാരും തമ്മിലുള്ള സഹകരണം നേടുന്നതിലേക്കായി കേരള സർക്കാർ ഫിഷറീസ് വകുപ്പിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരെ സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക.
   5. രോഗങ്ങൾ, വൈകല്യം, മരണം തുടങ്ങിയ അവസ്ഥകളിൽ സമാശ്വാസം നൽകുക.
   6. 1923 ലെ എംപ്ലോയിസ് കോമ്പൻസേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അപകടം സംഭവിക്കുന്ന സംഗതികളിൽ അംഗങ്ങൾക്ക് നഷ്ടപരിഹാരം നേടികൊടുക്കുക.
   7. തൊഴിൽദായകരും ജീവനക്കാരുമായിട്ടുള്ള തർക്കങ്ങളിൽ മാന്യമായ ഒത്തുതീർപ്പിൽ എത്തുന്നതിനായി യത്നിക്കുക.
   8. തൊഴിലുമായി ബന്ധപ്പെട്ട തർക്കങ്ങളിലോ വിഷയങ്ങളിലോ അംഗങ്ങൾക്ക് മതിയായ നിയമസഹായം ലഭ്യമാക്കുക.

പ്രസിഡന്റ്: മിഥുൻ മോഹനൻ

ജനറൽ സെക്രട്ടറി: സുനി.പി.പി

9. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള സമാനതൊഴിൽ സംഘടനകളെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുകയും അവയോട് സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.
10. ഇന്ത്യൻ ട്രേഡ് യൂണിയൻ നിയമത്തിന് വിധേയമായി തൊഴിലാളി വർഗ്ഗത്തിന്റെ പൊതുവായ പ്രശ്നങ്ങൾ പഠിക്കുകയും അവരെ സഹായിക്കുകയും ചെയ്യുക.
11. അംഗങ്ങളുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

7. കേരള ഫിഷറീസ് വകുപ്പിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള 18 വയസ്സ് തികഞ്ഞ ദിവസ വേതന,കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഏതൊരു ജീവനക്കാരനും 500/- രൂപ പ്രവേശന ഫീസായും 50/- രൂപ മാസവരിയായും നൽകികൊണ്ട് സാധാരണ അംഗമാകാവുന്നതാണ്. എന്നാൽ സമയാസമയങ്ങളിൽ രൂപം നൽകുന്ന ചട്ടങ്ങൾ, റഗുലേഷനുകൾ, നിയമാവലി എന്നിവ അനുസരിച്ച് കൊള്ളാമെന്ന് അയാൾ ഉറപ്പ് നൽകേണ്ടതുമാണ്.
8. കേരള ഫിഷറീസ് വകുപ്പിന് പുറത്തുള്ളവരുടെ അംഗത്വം ഈ യൂണിയന്റെ അംഗങ്ങളുടെ താൽപര്യങ്ങളോടും സ്നേഹഭാവമുള്ളവരുമായവരെ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ അനുവാദത്തോടുകൂടി ഓണററി മെമ്പർമാരായി ചേർക്കാവുന്നതാണ്. അവർ യൂണിയന്റെ ഉപദേശങ്ങളും ചട്ടങ്ങളും തീരുമാനങ്ങളും അംഗീകരിക്കേണ്ടതും അവരുടെ പ്രവേശനം ഇന്ത്യൻ ട്രേഡ് യൂണിയൻ ആക്ടിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായിരിക്കാൻ പാടില്ലാത്തതുമാകുന്നു. ഓണററി മെമ്പർമാരുടെ അംഗസംഖ്യ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പകുതിയിൽ കുറവായിരിക്കേണ്ടതാണ്. ഇവരിൽനിന്നും മാസവരിയും പ്രവേശനഫീസും വാങ്ങുന്നതുമല്ല. ആകെ അംഗസംഖ്യ 8% മാത്രം ആയിരിക്കും. ഇവരുടെ പ്രവേശനം.
9. മൂന്നുമാസം തുടർച്ചയായി വരിസംഖ്യ നൽകാത്ത ഒരംഗത്തെ വരിസംഖ്യ വീഴ്ച വരുത്തിയ ആളായി പ്രഖ്യാപിച്ച് ഒരു മാസത്തിനുള്ളിൽ കുടിശ്ശിക വരുത്തിയ തുക മുഴുവൻ അടച്ചുതീർക്കാത്തപക്ഷം അയാളുടെ അംഗത്വം നഷ്ടമാകുന്നതും അയാളുടെ പേര് അംഗത്വ രജിസ്റ്ററിൽനിന്നും നീക്കം ചെയ്യുന്നതുമാണ്.
10. ആനുകൂല്യങ്ങൾ കുറഞ്ഞത് ആറുമാസത്തോളം അംഗമല്ലാതെ ഇരിക്കുകയോ എല്ലാ സംഭാവനകളും കൃത്യമായി നൽകാതിരിക്കുകയോ ചെയ്യുന്നപക്ഷം അയാൾക്ക് യാതൊരുവിധ ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.
11. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അനുമതിയോ അംഗീകാരമോ കൂടാതെ സമരത്തിലേർപ്പെടുന്ന ജീവനക്കാർക്ക് യാതൊരു ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.
12. അംഗങ്ങളുടെ പേര്, ജോലിസ്ഥലം, താമസസ്ഥലം, ജില്ല തുടങ്ങിയ വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ യൂണിയൻ സൂക്ഷിക്കേണ്ടതാണ്.
13. യൂണിയൻ ഓഫീസിൽ വച്ച് ഓഫീസ് സമയങ്ങളിൽ ഏതൊരു അംഗങ്ങൾക്കും തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും രജിസ്റ്റർ പരിശോധിക്കാവുന്നതാണ്.

പ്രസിഡന്റ്: മിഥുൻ മോഹനൻ

ജനറൽ സെക്രട്ടറി: സുനി.പി.പി

14. (എ)എക്സിക്യൂട്ടീവ് കമ്മിറ്റി : ഒരു പ്രസിഡന്റ്, മൂന്ന് വൈസ് പ്രസിഡന്റുമാർ, ഒരു ജനറൽ സെക്രട്ടറി, മൂന്ന് ജോയിന്റ് സെക്രട്ടിമാർ ഒരു ട്രഷറർ ഉൾപ്പെടെ 9 പേരുള്ള സ്റ്റേറ്റ് കമ്മിറ്റിയും സ്റ്റേറ്റ് കമ്മറ്റിയിലെ ഓരോ വൈസ് പ്രസിഡന്റുമാരെയും ടി മേഖല കമ്മിറ്റി പ്രസിഡന്റായി നിയമിക്കുകയും ടി മേഖല കമ്മിറ്റിയിൽ സെക്രട്ടറി, ട്രഷറർ എന്നീ രണ്ട് പോസ്റ്റ് കൂടി ഉൾപ്പെടുത്തി ടി അംഗങ്ങളെയും സ്റ്റേറ്റ് കമ്മറ്റി അംഗങ്ങളെയും കൂട്ടി ചേർത്ത് 15 പേർ അടങ്ങുന്നവരായിരിക്കും യൂണിയന്റെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി. യൂണിയന്റെ പൊതുയോഗത്തിൽ സംസ്ഥാന സമ്മേളനത്തിലാണ് സംസ്ഥാന എക്സകൃൂട്ടീവ് കമ്മറ്റി തിരഞ്ഞെടുക്കുന്നത്. എക്സിക്യൂട്ടീവ് അംഗങ്ങളിൽനിന്നും യൂണിയന്റെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു. ഇവർക്ക് തുടർന്നും തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള അർഹത ഉണ്ടായിരിക്കും കൂടാതെ ഏതെങ്കിലും കാരണവശാൽ കമ്മിറ്റി അംഗങ്ങളെ മാറ്റേണ്ടിവന്നാൽ സംസ്ഥാന എക്സിക്യൂട്ടിവ് കമ്മിറ്റി ചേർന്ന് തീരുമാനം കൈകൊള്ളാവുന്നതും അത് യൂണിയന്റെ അന്തിമമായ തീരുമാനം ആയിരിക്കുന്നതുമാണ്.

(ബി) എക്സിക്യൂട്ടീവ് കമ്മറ്റിക്ക് മൂന്ന് അംഗങ്ങളെ കൂടി കമ്മറ്റിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റിൽ നിന്നും ആഡിറ്റർ മാരായി നിയോഗിച്ച് വാർഷിക വരവ് ചിലവ് കണക്കുകൾ പരിശോധിച്ച് റിട്ടേൺസ് സമർപ്പിക്കണ്ട ചുമതല ഇവർക്കായിരിക്കും

(സി) യുണിയൻ സംസ്ഥാന എക്സിക്യൂട്ടിവ് കമ്മറ്റി വൈസ് പ്രസിഡന്റ് ആയിരിക്കും മേഖലതല കമ്മറ്റി പ്രസിഡന്റ്

(ഡി)മേഖല പ്രവർത്തകയോഗം/സമ്മേളനം/കൺവെൻഷനുകളിൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്ക് മാത്രമായിരിക്കും സംസ്ഥാന സമ്മേളനത്തിൽ/കൺവെൻഷനിൽ പങ്കെടുക്കുവാനുള്ള അർഹതയുണ്ടായിരിക്കുന്നത്

(ഇ) അംഗങ്ങളുടെതോതിന് അനുസൃതമായി ഒരോ മേഖല കമ്മറ്റിയിൽ നിന്നും എത്ര പ്രതിനിധികൾ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുകണമെന്നുള്ളത് കാലകാലങ്ങൾ സംസ്ഥാൻ സമ്മേളനത്തിന് തൊട്ട് മുൻപ് കൂടുന്ന സംസ്ഥാന എക്സിക്യൂട്ടിവ് കമ്മറ്റി തീരുമാനിക്കുന്നതും ആ തീരുമാനം അന്തിമം ആയിരിക്കുന്നതുമാണ്

15. ഔദ്യോഗിക ഭാരവാഹികളുടെയോ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടെയൊ ഒഴിവ് വരുകയാണങ്കിൽ എക്സിക്യൂട്ടിവ് കമ്മറ്റിക്ക് ആ ഒഴിവ് നികത്താവുന്നതാണ്

16. എതെങ്കിലും ഒരു അംഗത്തെക്കുറിച്ചോ,എക്സിക്യൂട്ടിവ് കമ്മറ്റി അംഗത്തെകുറിച്ചോ ഭാരവാഹികളെ കുറിച്ചോ ഉള്ള പരാതികൾ ബന്ധപ്പെട്ട കമ്മിറ്റികൾ പരിശോധിച്ചും, പരാതിക്കാരന്റെയും ആരോഹിതന്റെയും വിശദീകരണങ്ങൾ കേൾക്കുകയും ഉചിതമായ തീരുമാനം ബന്ധപ്പെട്ട കമ്മറ്റികൾ സ്വികരിക്കേണ്ടതുമാണ്. ആ തീരുമാനം രണ്ടുപേരും അംഗികരിച്ച് സംഘടനയുടെ പുരോഗതിക്കുവേണ്ടി അചടക്കത്തോടും കൂറോടും സ്ഥാപനത്തിന്റെ മെച്ചത്തിനുവേണ്ടിയും പ്രവർത്തിക്കേണ്ടതാണ് ആവശ്യം വേണ്ട കാര്യങ്ങളിൽ ഉന്നതാധികാര സമതിയായ എക്സിക്യൂട്ടീവ് കമ്മറ്റി ഇടപെട്ട് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതും അത് യൂണിയന്റെ അന്തിമമായ തീരുമാനം ആയിരിക്കുന്നതുമാണ്

പ്രസിഡന്റ്: മിഥുൻ മോഹനൻ ജനറൽ സെക്രട്ടറി: സുനി.പി.പി

17. എക്സിക്യൂട്ടീവ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ പ്രസിഡന്റുമായി കൂടിയാലോചിച്ച് ജനറൽ സെക്രട്ടറി നിശ്ചയിക്കുന്ന സമയത്തോ യോഗം ചേരാവുന്നതാണ്.
18. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മൂന്നിൽ ഒന്ന് അംഗങ്ങളാണ് കമ്മറ്റിയുടെ ക്വാറം എന്നാൽ യോഗങ്ങൾ മാറ്റിവയ്ക്കുന്നതിന് ക്വാറം അത്യാവശ്യമില്ല.
19. എക്സിക്യൂട്ടീവ് കമ്മറ്റിയോഗത്തിന് കുറഞ്ഞത് 5 ദിവസം മുമ്പെങ്കിലും അത് സംബന്ധിച്ച് നോട്ടീസ് നൽകേണ്ടതാണ്.
20. പ്രസിഡന്റ് എല്ലാ എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിലും പൊതുയോഗങ്ങളിലും അദ്ധ്യക്ഷം വഹിക്കാവുന്നതും, ആർക്കും ഭൂരിപക്ഷമില്ലാത്ത അവസ്ഥയിൽ കാസ്റ്റിംഗ് വോട്ട് ചെയ്യാനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്. പ്രസിഡന്റിന്റെ അഭാവത്തിൽ സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം വൈസ് പ്രസിഡന്റുമാരിൽ ഒരാൾ അദ്ദേഹത്തിന്റെ ചുമതല നിർവഹിക്കേ താണ്.
21. യൂണിയൻ എക്സിക്യൂട്ടീവ് കമ്മറ്റികളുടെ മിനിട്സ് രേഖപ്പെടുത്തുകയും യൂണിയനുവേ 1 കത്തിടപാടുകൾ നടത്തുകയും മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും ചെയ്യേ ത് ജനറൽസെക്രട്ടറിയുടെ ചുമതലയാണ്. യൂണിയൻ സംബന്ധിച്ച എല്ലാ റിക്കാർഡുകളുടെയും കസ്റ്റോഡിയൻ ജനറൽ സെക്രട്ടറി ആയിരിക്കും വരവുചിലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുകയും സൂക്ഷിക്കുകയും ചെയ്യേ ത് ജനറൽ സെക്രട്ടറിയുടെയും സംസ്ഥാന ട്രഷററുടെയും ചുമതലയാണ്. 1926 – ലെ ഇന്ത്യ ട്രേഡ് യൂണിയൻ ആക്ട് അനുസരിച്ച് നൽകേ റിട്ടേണുകളും നോട്ടീസുകളും മറ്റും ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് സമർപ്പിക്കേ ത് ജനറൽ സെക്രടറിയുടെ ഉത്തരവാദിത്വമാണ്.
22. (എ) എംപ്ലോയിസ് യൂണിയന്റെ മേഖല/സംസ്ഥാന എക്സിക്യൂട്ടീവ് യൂണിറ്റ്/മേഖല കമ്മിറ്റികളിലും സ്ഥിരമായി മൂന്ന് കമ്മറ്റിയിൽ, കാരണം കൂടാതെ പങ്കെടുക്കാത്തവരെ ബന്ധപ്പെട്ട കമ്മറ്റികളിൽ നിന്നും ഒഴിവാക്കാവുന്നതും പകരം കമ്മിറ്റിയിൽ പുതിയ അംഗങ്ങളെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനപ്രകാരം ഉൾപ്പെടുത്താവുന്നതുമാണ്.

    (ബി) എംപ്ലോയിസ് യൂണിയൻ സ്ഥാപനത്തിനു വിരുദ്ധമായി പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സംഘടനാവിരുദ്ധമായും ആക്ഷേപകരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന ഏതൊരംഗത്തെയും ബന്ധപ്പെട്ട കമ്മിറ്റി കൂടി ആവശ്യമായ അടിയന്തര നടപടികൾ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും യൂണിയന്റെ വളർച്ചയ്ക്കും വേണ്ടി സ്വീകരിക്കേണ്ടതാണ്. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടി ടി അംഗത്തെ സംഘടനയിൽനിന്നും പുറത്താക്കലടക്കം നടപടികൾ സ്വീകരിക്കാവുന്നതാണ്.
23. ഭരണനിർവഹണത്തിൽ സെക്രട്ടറിമാർ, ജനറൽസെക്രട്ടറിയെ സഹായിക്കേ താണ്. ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം സെക്രട്ടറിമാരിൽ ഒരാൾ ആ ചുമതല നിർവഹിക്കേണ്ടതുമാണ്.
24. അംഗങ്ങൾ നൽകുന്ന എല്ലാ വരിസംഖ്യകളും സംഭാവനകളും മറ്റും ബാങ്കിൽ യഥാവിധി അടയ്ക്കേണ്ടത് ട്രഷററുടെ ഉത്തരവാദിത്വമാണ്. യൂണിയന്റെ വരവ് ചിലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടത് ട്രഷറുടെ ചുമതലയാണ്. എല്ലാ എക്സിക്യൂട്ടീവ് കമ്മറ്റികളിലും അത് വരെയുള്ള കണക്കുകൾ ട്രഷർ അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്.

പ്രസിഡന്റ്: മിഥുൻ മോഹനൻ

ജനറൽ സെക്രട്ടറി: സുനി.പി.പി

25. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ്. യൂണിയന്റെ സംസ്ഥാന വാർഷിക കൺവൻഷൻ/ സമ്മേളനം/ പൊതുയോഗം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം നടത്തേണ്ടതാണ്. 3 വർഷത്തെ ഇടവേളകളിൽ ആയിരിക്കും സംസ്ഥാന സമ്മേളനവും തിരഞ്ഞെടുപ്പും നടക്കുന്നത്.
26. പ്രസിഡന്റിന് പൊതുയോഗം വിളിക്കേണ്ടത് അത്യാവശ്യമാണ് എന്ന് തോന്നിയാൽ 15 ദിവസത്തെ നോട്ടീസ് നൽകി കൊണ്ട് അല്ലെങ്കിൽ അംഗങ്ങളുടെ അഞ്ചിലൊന്ന് പേർ ഒപ്പിട്ട അപേക്ഷയുടെ അടിസ്ഥാനത്തിൽ ആ അപേക്ഷ കിട്ടി ഇരുപത് ദിവസത്തിനുള്ളിലോ പൊതുയോഗം വിളിക്കാവുന്നതാണ് ആകെ അംഗങ്ങളുടെ മൂന്നിലൊന്നായിരിക്കും പൊതുയോഗത്തിന്റെ ക്വാറം.
27. യൂണിയന്റെ വരവുകൾ, വരിസംഖ്യകൾ യൂണിയന് ലഭിക്കുന്ന സംഭാവനകൾ, ദാനം തുടങ്ങിയവ കേരള ബാങ്ക് കോട്ടയം ബ്രാഞ്ചിന്റെ അക്കൗ ൽ നിക്ഷേപിക്കേ തും ആ അക്കൗണ്ട് ജനറൽ സെക്രട്ടറിയും ട്രഷററും ചേർന്ന് കൈകാര്യം ചെയ്യേ തും ഇവരിൽ രണ്ടുപേർ ഒപ്പിട്ട് തുക പിൻവലിക്കാവുന്നതും, ചിലവിനായി അയ്യായിരം രൂപയിൽ അധികരിക്കാതെ ട്രഷററുടെ കൈവശം വയ്ക്കാവുന്നതാണ്. ട്രഷററുടെ കൈവശം വയ്ക്കുന്ന തുകയുടെ വിവരം കമ്മറ്റിയെ ബോധിപ്പിക്കേണ്ടതുമാണ്.
28. ഭരണ സമിതിയിൽ നിന്ന് നിയമിക്കുന്ന മൂന്ന് എക്സിക്യൂട്ടീവ് അംഗങ്ങളെക്കൊണ്ട് യൂണിയന്റെ വരവുചിലവു കണക്കുകൾ ആഡിറ്റ് ചെയ്യേണ്ടതാണ് ഇന്ത്യൻ ട്രയിഡ് യൂണിയൻ റഗുലേഷൻ അനുസരിച്ച് യൂണിയന്റെ കണക്കുകൾ വർഷം തോറും ഓഡിറ്റ് ചെയ്യേണ്ടതാണ് കണക്ക് ബുക്കുകൾ യൂണിയൻ ഓഫീസിൽ വച്ച് ഓഫീസ് സമയങ്ങളിൽ ഏതൊരു അംഗങ്ങൾക്കും തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും രജിസ്റ്റർ പരിശോധിക്കാവുന്നതാണ്.

(എ) യൂണിയന്റെ ഉദ്യോഗസ്ഥർക്ക് ശമ്പളവും അലവൻസുകളും ചെലവുകളും കൊടുക്കുന്നതിനും

(ബി) യൂണിയന്റെ അംഗം ഒരു കക്ഷിയായിട്ടുള്ള നിയമനടപടിയിലും അന്യായം നടത്തുകയോ എതിർവാദം ചെയ്യുകയോ ചെയ്യുന്നത് യൂണിയൻ എന്ന നിലയിൽ അതിന്റെ തന്നെ അവകാശങ്ങളെയോ അംഗം തൊഴിൽ ചെയ്യുന്ന സ്ഥലത്തെ ആളുമായിട്ടോ ഉള്ള ഇടപാടിൽ നിന്നുൽഭവിക്കുന്ന അവകാശങ്ങളെയോ സ്ഥാപിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ വേണ്ടിയായിരിക്കുമ്പോൾ അങ്ങനെയുള്ള അന്യായം നടത്തുകയോ എതിർവാദം ചെയ്യുകയോ ചെയ്യുന്നതിനും.

(സി) യൂണിയന്റെ അംഗമോ ഒരുകക്ഷിയായിട്ടുള്ള നിയമനടപടിയിലും അന്യായം നടത്തുകയോ എതിർ വാദം ചെയ്യുകയോ ചെയ്യുന്നത് യൂണിയൻ എന്ന നിലയിൽ അതിന്റെ തന്നെ അവകാശങ്ങളയൊ അംഗവും അയ്യാളുടെ മാനേജ്മെന്റുമായിട്ടോ അഥവാ ആ അംഗം തൊഴിൽ ചെയുന്ന സ്ഥലത്തെ ആളുമായിട്ടൊ ഉള്ള ഇടപാടിൽ നിന്നല്ഭവിക്കന്ന അവകാശങ്ങളെയൊ സ്ഥാപിക്കന്നതിനോ സംരക്ഷിക്കന്നതിനോ വേണ്ടിയായിരിക്കമ്പോൾ അങ്ങനെ ഉള്ള അന്യായം നടത്തുകയോ എതിർവാദം ചെയ്യുകയോ ചെയ്യുന്നതിനം

(ഡി) യൂണിയനിലേ അംഗത്തിനുവേണ്ടി തൊഴിൽ തർക്കങ്ങൾ നടത്തുന്നതിനും

(ഇ) അംഗങ്ങൾക്ക് തൊഴിൽ തർക്കങ്ങളിൽ നിന്നുണ്ടാകുന്ന നഷ്ടത്തിനു പ്രതിഫലം കൊടുക്കുന്നതിനും.

പ്രസിഡന്റ്: മിഥുൻ മോഹനൻ

ജനറൽ സെക്രട്ടറി: സുനി.പി.പി

(എഫ്) അംഗങ്ങളുടെ ഇടയിലുണ്ടാകുന്ന മരണം, രോഗം, അപകടങ്ങൾ, തൊഴിലില്ലായ്മ ഇവയ്ക്കായി അംഗങ്ങൾക്കോ അവരുടെ ആശ്രീതർക്കോ അലവൻസുകൾ കൊടുക്കുന്നതിനും.

(ജി) അംഗങ്ങളുടെ ജീവിതത്തിന് മേൽ ഭീമക്കരാറുകളോ അംഗങ്ങളുടെ മേൽ രോഗത്തിനോ അപകടങ്ങൾക്കോ തൊഴിലില്ലായ്മക്കോ എതിരായ ഭീമക്കരാറുകളോ കൊടുക്കുകയോ അവ പ്രകാരമുള്ള ബാദ്ധ്യതകൾ ഏൽക്കുകയോ ചെയ്യുന്നതിനും.

(എച്ച്) അംഗങ്ങൾക്കോ അംഗങ്ങളുടെ ആശ്രിതർക്കോ വിദ്യാഭ്യാസപരമോ സാമുദായികമോ ആയ ഗുണാനുഭവങ്ങൾ (മരിച്ചു പോയ അംഗങ്ങളുടെ ശവ സംസ്കാരത്തിനുള്ള ചെലവുകൾ കൊടുക്കുന്നതുൾപ്പെടെ) ഏർപ്പെടുത്തിക്കൊടുക്കുന്നതിനും.

(ഐ) ഗവൺമെന്റുമായോ ജീവനക്കാരുമായോ തൊഴിലാളികളുമായോ അതാതു നിലയിൽ ബാധിക്കുന്ന പ്രശ്നങ്ങളെപ്പറ്റി പര്യാലോചിക്കേണ്ടുന്ന ആവശ്യത്തിനും പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനും മുഖ്യമായും പ്രസിദ്ധപ്പെടുത്തുന്ന ഒരു പത്രം നടത്തിപ്പോരുന്നതിനും.

(ജെ) യൂണിയൻ പൊതുഫണ്ടുകൾ ഏതെല്ലാം ഉദ്ദേശങ്ങൾക്കായി ചെലവാക്കാമോ അവയിൽ ഏതിനെങ്കിലും അഭിവൃദ്ധിപ്പെടുത്തുവാനായി തൊഴിലാളികൾക്ക് പൊതുവിൽ ഗുണം സിദ്ധിക്കുന്നതിനുദ്ദേശിക്കപ്പെട്ടതുമായ കാര്യത്തിന് അംശാദായങ്ങൾ കൊടുക്കുന്നതിനും എന്നാൽ ഏതെങ്കിലും ഫിനാഷ്യൽ ഇയറിൽ ഏതൊരു സമയത്തും മേൽപ്പറഞ്ഞ അംശാദായം സംബന്ധിച്ചുള്ള ചെലവ് അക്കൊല്ലത്തിൽ ആകാലം വരെ യൂണിയന്റെ പൊതുഫണ്ടിലേയ്ക്ക് ചേർന്നിട്ടുള്ള മൊത്തമായ വരവിന്റെയും ആ കൊല്ലാരംഭത്തിൽ ആ ഫണ്ടിന്റെ പേരിൽ നിലവിലുണ്ടാകുന്ന ബാക്കിയുടെയും കൂടിയുള്ള ആകെ സംഖ്യയുടെ കാൽഭാഗത്തിൽ കവിഞ്ഞു കൂടാ.

(കെ) ഗവൺമെന്റ് സർക്കാർ – ഗസ്റ്റിൽ പരസ്യം മൂലം പ്രസിദ്ധപ്പെടുത്തുന്നതും ആ പരസ്യത്തിൽ അടങ്ങിയ നിശ്ചയങ്ങൾ ഉൾപ്പെട്ടതുമായ മറ്റ് ആവശ്യങ്ങൾക്കും.

29. ജനറൽ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും അനുമതിയോടും കൂടി ആവശ്യമെങ്കിൽ യൂണിയനിൽ ഒരു വർക്കിംഗ് പ്രസിഡന്റ് എന്ന ഒരു തസ്തിക കൂടി രൂപികരിക്കവുന്നതും ടി അംഗത്തെ കൂടി യൂണിയന്റെ എക്സിക്യൂട്ടിവ് കമ്മറ്റി അംഗം ആക്കവുന്നതും പ്രസിഡന്റിന്റെ അഭാവത്തിൽ ടി അംഗത്തിന് പ്രസിഡന്റിന്റെ ചുമതല വഹിക്കാവുന്നതുമാണ്.

30. സ്റ്റേറ്റ് കമ്മിറ്റി കൂടി ഭേദഗതി ചെയ്യുന്നതിലേയ്ക്ക് വിളിച്ച്കൂട്ടിയിട്ടുള്ള ഒരു പൊതുയോഗത്തിൽ സന്നിഹിതരായിട്ടുള്ള അംഗങ്ങളുടെ 2/3 അംഗങ്ങളുടെ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ യൂണിയൻ ചട്ടങ്ങൾ ഏത് സമയത്തും ഭേദഗതി വരുത്തുകയോ മാറ്റുകയോ – ചെയ്യുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണ്. ആയത് ദിവസത്തിനുള്ളിൽ രജിസ്ട്രാറെ അറിയിച്ചിരിക്കേണ്ടതാണ്.

31. യൂണിയൻ CITU രജിസ്ടർ ചെയ്യപ്പെട്ടിട്ടുള്ളതും CITU സ്റ്റേറ്റ് കമ്മിറ്റി തീരുമാനങ്ങളും ആശയങ്ങളും പാലിക്കുന്നതിന് എല്ലാ അംഗങ്ങളും ബാദ്ധ്യസ്ഥരാണ്.

പ്രസിഡന്റ്: മിഥുൻ മോഹനൻ

ജനറൽ സെക്രട്ടറി: സുനി.പി.പി

32. യൂണിയൻ പിരിച്ചു വിടുന്നതിലേയ്ക്ക് വിളിച്ച് കൂട്ടിയിട്ടുള്ള പൊതുയോഗത്തിൽ സന്നിഹിതരായിട്ടുള്ള അംഗങ്ങളുടെ 2/3 ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ യൂണിയൻ ഫണ്ട് തുല്യമായി അംഗങ്ങൾ വീതിച്ചെടുക്കേണ്ടതുമാണ്.

യൂണിയൻ പിരിച്ചു വിടുന്നതിനുവേണ്ടി രജിസ്ട്രാർക്ക് എക്സിക്യൂട്ടീവ് കമ്മറ്റി വകുപ്പ് 28 –ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഒരു പിരിച്ചുവിടൽ നോട്ടീസ് നൽകേണ്ട തും യൂണിയൻ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ചെയ്യേണ്ട തും അതിന്റെ ആസ്തികൾ വീതം വയ്ക്കേണ്ട തുമാണ്.

1 മിഥുൻ മോഹൻ,പരശ്ശേരിൽ,ആദിനാട് സൗത്ത്
കാട്ടിൽകടവ്.പി.ഓ,കരുനാഗപ്പള്ളി,കൊല്ലം

2. രാഹുൽ.ആർ,രശ്മീസ്,പട്ടോളി മാർക്കറ്റ്.പി.ഓ,ആലപ്പുഴ

3. സുനി.പി.പി,അഞ്ചുതൈക്കൽ,പത്തനംതിട്ട.പി.ഓ,പത്തനംതിട്ട.

4. ശ്രീലത.എം,വേലൻപ്പറമ്പിൽ ,പള്ളിക്കച്ചിറ.പി.ഓ ,കോട്ടയം

5. താര ഗോപി,കണ്ണാടിക്കടവിൽ,പാക്കിൽ.പി.ഓ, കോട്ടയം

6. ഉണ്ണികൃഷ്ണൻ.വി,ചിത്തിരയിൽ,ഓച്ചിറ.പി.ഓ,കൊല്ലം

7. അരുൺ രാജു,ജെറിൻ വില്ല,മൈല്ലം.പി.ഓ,കൊല്ലം

പ്രസിഡന്റ്: മിഥുൻ മോഹനൻ

ജനറൽ സെക്രട്ടറി: സുനി.പി.പി